പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 555 29.11.2018 ലെ മറുപടിക്ക്

**കയർ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോ എബ്രഹാം | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ വ്യവസായം സംരക്ഷിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വിശദമാക്കാമോ; | എ) കയർ മേഖലയിൽ നടപ്പാക്കി വരുന്ന രണ്ടാം പുന:സംഘടനാ സ്കീം പ്രകാരം, ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളീകേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട്സംഭരണം വ്യാപകമാക്കിയും പൂർണ്ണമായ യന്ത്രവത്ക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉത്പ്പാദിപ്പിച്ച് കയർ ഉത്പ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പി ക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും രണ്ടാം പുന:സംഘടനയിലൂടെ ലക്ഷ്യമിടുന്നു.<br>കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളീകേര ഉൽപ്പാദന കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ/ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ് മിൽ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടു വീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ് മെഷീൻ സ്ഥാപിക്കുന്ന പ്രോജക്ടിൽ 1 എണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ് യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13.07.2017 ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പ്രോജക്ടിന്റെ പരിധിയിലുള്ള ചക്കിട്ടപ്പാറയിൽ പേരാമ്പ്ര നാളികേര ഉൽപ്പാദക കമ്പനിയുടെ ആഭിമുഖ്യത്തിൽ ഒരു ഹെവി ഡ്യൂട്ടി ഡി.എഫ് മെഷീൻ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു.<br>വൈക്കം പ്രോജക്ടിനു കീഴിൽ 8000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 8 ഡി.എഫ് മില്ലുകളും, |

| | |
|---|---|
| | തൃശ്ശൂരിൽ 10 ഉം പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്ത് മൊത്തം 50 ഡി.എഫ് മില്ലുകൾ പ്രവർത്തനം ആരംഭിച്ചു.ഉടൻ പ്രവർത്തനം ആരംഭിക്കാനുതകും വിധം 50 ചകിരിമില്ലുകളും കൂടി നിർമ്മാണം /യന്ത്രസ്ഥാപനം പുരോഗമിക്കുകയാണ്.<br>കയർപിരി മേഖലയിൽ എ.എസ്.എം. സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.ഫാക്ടറി മോഡിൽ എ.എസ്.എം-കൾ സ്ഥാപിക്കുന്നതിനു തുടക്കമായി.ചേർത്തലയിലെ തിരുനല്ലൂർ സി.വി.സി.എസ്-ൽ ഇത്തരത്തിൽ എ.എസ്.എം. സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.<br>സംസ്ഥാനത്തെ 50-ാമത്തെ ചകിരിമില്ലിന്റെ പ്രവർത്തന ഉദ്ഘാടനം 15.11.2018 തീയതിയിൽ കോഴിക്കോട് നടന്നു. |
| ബി) കയർ തൊഴിലാളികൾക്ക് വെട്ടിക്കുറച്ച ക്ഷേമ പെൻഷൻ പുനഃസ്ഥാപിക്കുന്നതിനും മിനിമം കൂലി ഉറപ്പാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ; | ബി) കയർ തൊഴിലാളികളുടെ ക്ഷേമപെൻഷൻ വെട്ടിക്കുറച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ തൊഴിലാളി പെൻഷൻ 600/- രൂപയിൽ നിന്ന് 1000/- രൂപയായും പിന്നീട് 1100/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.<br>കൂടാതെ കയർപിരി തൊഴിലാളികൾക്ക് അംഗീകൃത വേതനമായി (Agreed wages) 300/- രൂപയാണ് പ്രതിദിനം നൽകി വരുന്നത്. ഇതിൽ സംഘങ്ങൾ/ഉൽപ്പാദകർ എന്നിവർ 190/- രൂപയും സർക്കാർ 110/- രൂപയും നൽകിവരുന്നു. |
| സി) എല്ലാ വിഭാഗത്തിലും പെട്ട കയർ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) പ്രമുഖ പരമ്പരാഗത വ്യവസായമായ കയർ വ്യവസായ മേഖലയിൽ 1419 കയർ സഹകരണ സംഘങ്ങളാണ് നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവയിൽ 662 എണ്ണം പ്രവർത്തിക്കുന്നു. 238 സംഘങ്ങൾ വ്യാപാര ലാഭത്തിലാണ്. വർഷത്തിൽ 200 ദിവസം തുടർച്ചയായി പ്രവർത്തനം നടത്തിക്കൊണ്ട് പോകുന്നതിന് ചകിരിയുടെ ദൗർലഭ്യം തടസ്സമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇ.എസ്.ഐ വിഹിതം മുടങ്ങാതെ അടയ്ക്കാൻ വ്യാപാര ലാഭമുള്ള സംഘങ്ങൾക്ക് പോലും കഴിയുന്നില്ല. സംസ്ഥാന സർക്കാരിന്റെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് ഈ സാഹചര്യത്തിൽ കയർ തൊഴിലാളികൾക്ക് ഗുണകരമായിട്ടുള്ളത്. എല്ലാ തൊഴിലാളികളേയും ഇതിൽ അംഗങ്ങളായി ചേർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ